# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| നവംബർ<br>NOVEMBER | 16 | 2019 |
|---|---|---|



## ശബരിമല പത്രക്കുറിപ്പ്–1

ഫോൺ : 04735–202664

www.prd.kerala.gov.in, prdsabarimala2020@gmail.com

### ശബരിമല സന്നിധാനത്ത് പോലീസിന്റെ ആദ്യ ബാച്ച് ചുമതലയേറ്റു

ശബരിമല മണ്ഡല ഉത്സവവുമായി ബന്ധപ്പെട്ട് സന്നിധാനത്ത് നിയോഗിച്ചിട്ടുള്ള പോലീസ് ഉദ്യോഗസ്ഥർ ചുമതലയേറ്റു. സന്നിധാനത്തെ വലിയ നടപ്പന്തലിൽ നടന്ന ചടങ്ങ് പോലീസ് കൺട്രോളർ രാഹുൽ ആർ നായർ ഉദ്ഘാടനം ചെയ്തു.

പോലീസ് ഉദ്യോഗസ്ഥർ സേവന മനോഭാവത്തോടെ ഡ്യൂട്ടി ചെയ്യണമെന്ന് പോലീസ് കൺട്രോളർ രാഹുൽ ആർ നായർ പറഞ്ഞു. പോലീസിന്റെ പ്രതിച്ഛായ ഉയർത്തിപ്പിടിച്ച് മാതൃകാപരമായ പെരുമാറ്റം ഉണ്ടാകണം. അയ്യപ്പൻമാരുടെ സംശയങ്ങൾ പരിഹരിച്ചു നൽകുകയും വഴികാട്ടിയാകുകയും ആവശ്യമായ ജാഗ്രതാ നിർദേശങ്ങൾ നൽകുകയും ചെയ്യണം. മോശമായ വാക്കുകൾ പറയാനോ, പ്രവർത്തിക്കാനോ പാടില്ല. ഡ്യൂട്ടിക്ക് ഭംഗം വരുന്ന രീതിയിൽ പോലീസുകാർ മൊബൈൽ ഉപയോഗിക്കാൻ പാടില്ല. ശബരിമലയിൽ തീർഥാടകർ കൂടുതലായി എത്തുമ്പോൾ സമചിത്തത കൈവിടാതെ സേവനം ചെയ്യണം. പതിനെട്ടാം പടിയിൽ അയ്യപ്പൻമാരെ സൂക്ഷ്മതയോടെ കയറ്റി വിടണമെന്നും പോലീസ് കൺട്രോളർ പറഞ്ഞു.

മുതിർന്ന ഉദ്യോഗസ്ഥരുടെ നിയന്ത്രണത്തിൽ മാത്രമേ പോലീസ് ഉദ്യോഗസ്ഥർ പ്രവർത്തിക്കാവൂ എന്ന് സന്നിധാനം എ എസ് ഒ കെ.എൻ. സജി പറഞ്ഞു. അപകടങ്ങൾ ഉണ്ടാകാതെ അയ്യപ്പൻമാരുടെ ജീവനും

സ്വത്തിനും പോലീസുകാർ സംരക്ഷണം നൽകണമെന്നും അദ്ദേഹം പറഞ്ഞു.
പോലീസ് കൺട്രോളർ രാഹുൽ ആർ നായരുടെ നേതൃത്വത്തിൽ എഎസ് ഒ കെ എൻ സജിക്കു പുറമേ 10 ഡിവൈഎസ്പിമാരെ വിവിധ സെക്ടറുകളായി തിരിച്ചാണ് പോലീസ് ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുള്ളത്. 30 ഇൻസ്പെക്ടർമാർ, എസ് ഐ /എ എസ് ഐ 120 പേർ, എച്ച് സി / പി സി 1400 പേർ എന്നിവർക്കു പുറമേ 135 ആർഎഎഫ്, 45 എൻ ഡിആർഎഫ് ,അന്ധ്രയിൽ നിന്നുള്ള 10 പോലീസ് ഉദ്യോഗസ്ഥർ എന്നിവരെയാണ് സന്നിധാനത്ത് നിയോഗിച്ചിട്ടുള്ളത്. ***(പി.ആർ. ശബരി-1)***

## മണ്ഡല ഉത്സവത്തിനായി ശബരിമല നട തുറന്നു

ഇനി വ്രതശുദ്ധിയുടെയും ശരണം വിളികളുടെയും നാളുകൾ. 2019 -20 വർഷത്തെ മണ്ഡല ഉത്സവത്തിനായി ശബരിമല ശ്രീ ധർമ്മശാസ്താ ക്ഷേത്ര നട തുറന്നു.തന്ത്രി കണ്ഠര് മഹേഷ് മോഹനരുടെ മുഖ്യകാർമികത്വത്തിൽ മേൽശാന്തി വി.എൻ.വാസുദേവൻ നമ്പൂതിരി നട തുറന്ന് യോഗ നിദ്രയിലിരിക്കുന്ന കലിയുഗവരദന്റെ മുന്നിൽ വിളക്ക് തെളിച്ചു. തുടർന്ന് ഉപദേവതാ ക്ഷേത്രങ്ങളിലെയും നടകൾ തുറന്ന് വിളക്കുകൾ കത്തിച്ചു.ശരണം വിളികളുമായി കൈകൂപ്പി നിൽക്കുന്ന അയ്യപ്പഭക്തർക്ക് തന്ത്രി കണ്ഠര് മഹേഷ് മോഹനര് വിഭൂതി പ്രസാദം നൽകി.

തുടർന്ന് പതിനെട്ടാം പടിയ്ക്ക് മുന്നിലെ ആഴിയിൽ മേൽശാന്തി വി.എൻ.വാസുദേവൻ നമ്പൂതിരി തീ പകർന്നു. ഇതോടെ ഒരു മണ്ഡല കാലത്തിനു കൂടി തുടക്കമിട്ട് ഇരുമുടി കെട്ടുമായി അയ്യപ്പ ഭക്തർ ശരണം വിളികളുമായി പതിനെട്ടാംപടി കയറി ദർശനം നടത്തി. പ്രസാദ വിതരണത്തിന് ശേഷം ശബരിമല പുതിയ മേൽശാന്തി എം.കെ.സുധീർ നമ്പൂതിരിയെ ശ്രീകോവിലിനു മുന്നിലെ സോപാനത്ത് ഇരുത്തി തന്ത്രി അഭിഷേകം നടത്തി. ശേഷം ശ്രീകോവിലിനുള്ളിൽ വച്ച് അയ്യപ്പന്റെ മൂലമന്ത്രം തന്ത്രി മേൽശാന്തിക്ക് പകർന്ന് നൽകി.

വൃശ്ചികപ്പുലരിയിൽ ഇന്ന് (17) രാവിലെ നട തുറക്കുന്നത് പുതിയ മേൽശാന്തി എ.കെ.സുധീർ നമ്പൂതിരി ആയിരിക്കും. ആദ്യ ദിനമായ ഇന്നലെ നല്ല തിരക്കാണ് അനുഭവപ്പെട്ടത്. എല്ലാ ദിവസവും ഉച്ചയ്ക്ക് 11.30 വരെ നെയ്യ് അഭിഷേകം. ഉച്ചയ്ക്ക് ഒന്നിന് നട അടച്ച ശേഷം വൈകിട്ട് നാലിന് തുറക്കും. രാത്രി 11ന് ഹരിവരാസനം ചൊല്ലി നട അടയ്ക്കും. ഡിസംബർ 27ന് തങ്ക അങ്കി ചാർത്തിയുള്ള മണ്ഡല പൂജ. രാത്രി 10ന് നട അടയ്ക്കും. ഡിസംബർ 30ന് വൈകിട്ട് അഞ്ചിന് തുറക്കുന്നതോടെ മകരവിളക്ക് മഹോത്സവം ആരംഭിക്കും. ജനുവരി 15ന് ആണ് പ്രശസ്തമായ മകരജ്യോതി ദർശനവും മകരവിളക്കും. ജനുവരി 22ന് രാവിലെ ഏഴിന് നട അടയ്ക്കുന്നതോടെ മണ്ഡല-മകരവിളക്ക് തീർഥാടനത്തിന് സമാപ്തിയാകും. ***(പി.ആർ. ശബരി-2)***

## ഫയർ ആന്റ് റെസ്ക്യൂ സർവ സജ്ജം

സന്നിധാനത്ത് ഫയർ ആൻഡ് റെസ്ക്യൂ പ്രവർത്തനസജ്ജമായി.സ്പെഷ്യൽ ഓഫീസർ കെ. ആർ അഭിലാഷ്, സ്റ്റേഷൻ ഓഫീസർ എസ് ഗോപൻ എന്നിവരുടെ നേതൃത്വത്തിൽ 66 അംഗ ആദ്യ സംഘമാണ് ഇന്നലെ ചുമതലയേറ്റത്. സന്നിധാനത്ത് കൺട്രോൾ റൂം, ഭസ്മക്കുളം, തിരുമുറ്റം, മാളികപ്പുറം, പാണ്ടിത്താവളം, കൊപ്രാക്കളം , കെ.എസ് ഇ.ബി, നടപ്പന്തൽ,

ശരംകുത്തി, മരക്കൂട്ടം എന്നിവിടങ്ങളിലായി ജീവനക്കാരെ നിയോഗിച്ചിട്ടുണ്ട്. ഫോൺ: 101 കൂടാതെ 04735 202033 .

***(പി.ആർ. ശബരി-2)***

**ഫോട്ടോ അടിക്കുറിപ്പ്**

1 ) ശബരിമല സന്നിധാനത്ത് പോലീസ് സേനയുടെ ആദ്യ ബാച്ച് ചുമതല ഏൽക്കുന്ന ചടങ്ങ് പോലീസ് കൺട്രോളർ രാഹുൽ ആർ നായർ ഉദ്ഘാടനം ചെയ്യുന്നു.

2) ശബരിമല സന്നിധാനത്ത് ദർശനത്തിന് കാത്തുനിൽക്കുന്നവർ.

3) തന്ത്രി കണ്ഠര് മഹേഷ് മോഹനരുടെ മുഖ്യകാർമികത്വത്തിൽ മേൽശാന്തി വി.എൻ.വാസുദേവൻ നമ്പൂതിരി ശബരിമല ക്ഷേത്ര നട തുറക്കാൻ എത്തുന്നു.

4) തന്ത്രി കണ്ഠര് മഹേഷ് മോഹനരുടെ മുഖ്യകാർമികത്വത്തിൽ മേൽശാന്തി വി.എൻ.വാസുദേവൻ നമ്പൂതിരി ശബരിമല ക്ഷേത്ര നട തുറക്കുന്നു.

5) അയ്യപ്പഭക്തർക്ക് തന്ത്രി കണ്ഠര് മഹേഷ് മോഹനര് വിഭൂതി പ്രസാദം നൽകുന്നു.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.